അവരുടെ അങ്കുശവും നമ്മുടെ ചാപല്യവും

(ഭാഗം-4)

Part-1: http://emalayalee.com/varthaFull.php?newsId=42680
Part-2: http://emalayalee.com/varthaFull.php?newsId=42953
Part-3: http://emalayalee.com/varthaFull.php?newsId=43208

പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, D.Sc., Ph.D.

വിരാമചിഹ്നങ്ങൾ തുടരുന്നു ...

(K) കോളൻ (ഭിത്തിക): (:)

ആശയപരമായി അടുപ്പമുള്ള രണ്ട് വാക്യങ്ങളെ ബന്ധിപ്പിക്കാനുള്ള ഒരു മാർഗ്ഗമാണിത്; ആദ്യവാചകമുണർത്തുന്ന പ്രതീക്ഷയുടെ സാക്ഷാത്ക്കാരമായിരിക്കും രണ്ടാംവാചകത്തിന്റെ സാരം. കൂടാതെ, ഒരു നിയമമോ തത്ത്വമോ പ്രസ്താവിക്കാനും കോളൻ ചിഹ്നം ഉപയോഗിക്കാം. പറഞ്ഞ കാര്യത്തെ വേറൊരു രീതിയിൽ പറയാനും, തുല്യപ്രാധാന്യമുള്ള വസ്തുതകളെ ഒന്നിനു പുറകെ ഒന്നായി ചേർത്തുവെക്കാനും, ചുരുക്കിപ്പറഞ്ഞതിനെ വികസിപ്പിക്കാനും, പരത്തിപ്പറഞ്ഞതിനെ ചുരുക്കാനും കോളൻ സമർത്ഥമായി ഉപയോഗിക്കാം. ഉദ്ധരണിചിഹ്നത്തോടെ തുടങ്ങുന്ന വസ്തുതകൾ പ്രസ്താവിക്കാനും കോളൻ സഹായകമാണ്.

(i) In the Queens library, she browsed the books of last three years' Nobel-winners: Mo Yan, Tomas Tranströmer, and Mario Vargas Llosa.

(ii) പഠന മികവിനു സഹായകമായ മൂന്നു ഗുണങ്ങൾ ഇവയാണ്: കൃത്യനിഷ്ഠ, ഏകാഗ്രത, തുറന്ന മനസ്സ്.

(iii) The first law of mental dynamics is this: You have to be always with you.

(iv) യോഗഗുരു കൂവള്ളൂർ നൽകുന്ന പ്രധാന ഉപദേശം ഇതാണ്: "മരിക്കുന്ന ദിവസം വരെ യോഗാഭ്യാസം തുടരുക."

(v) He was the victim of irreversible fate: natural calamities had depleted all his resources.

(vi) സാഹിത്യചോരണം ഗർഹണീയം: മറ്റുള്ളവരുടെ വിയർപ്പിന്റെ വില മോഷ്ടിക്കൽ തന്നെയാണത്!

(vii) The essence of the ten commandments is epitomized in the statement: "love your neighbor."

(viii) പല സാഹിത്യകൃതികളേയുംപ്പറ്റി കേൾക്കുന്ന പ്രധാനവിമർശനം ഇതാണ്: ആഴമില്ലായ്മ.

(L) ഹൈഫണും, ഡേഷും, പരന്തെസിസും: [-, – —, ()]

(i) ഹൈഫൺ: ഇംഗ്ലീഷിൽ വാക്കുകളെ കൂട്ടിച്ചേർക്കാൻ ഹൈഫണിന്റെ ഉപയോഗം സർവ്വസാധാരണം; കാലാന്തരത്തിൽ ഹൈഫണുപേക്ഷിച്ച് ഒറ്റവാക്കുകൾ സൃഷ്ടിക്കപ്പെടുന്നു. ഉദാ: **up-to-date** എന്നത് **uptodate** ആയിമാറുന്നു.

പദബഹുലമായ വിശേഷണങ്ങളെ നാമവുമായി അർത്ഥസ്ഫുടതയോടെ ബന്ധിക്കാൻ ഹൈഫൺ സഹായകമാണ്: **popular science article** എന്നത് **popular-science article** എന്നും **popular science-article** എന്നും, **social networking sites** എന്നത് **social-networking sites** എന്നും, **social networking-sites** എന്നും ഹൈഫൺ വ്യത്യസ്തങ്ങളായി വിന്യസിച്ച് ഉദ്ദേശിച്ച അർത്ഥമുണ്ടാക്കുന്നു. മലയാളത്തിലാണെങ്കിൽ, പദസങ്കരവിളക്കലുകൾ സന്ധിനിയമങ്ങളിലൂടെ ആഗമിച്ച്, ദ്വിത്വലോപങ്ങളിലൂടെ ആദേശം തരുന്നു. വിഭക്തികളെ ഒഴിവാക്കി വാക്കുകളെ കൂട്ടിച്ചേർക്കുന്ന സമാസനിയമങ്ങളും മലയാളത്തിൽ ഇതേ ഫലം ഉണ്ടാക്കും.

കഥാകവിത എന്നത് കഥയുള്ള കവിത, കഥപോലുള്ള കവിത, കഥയായ കവിത (കൂടുതൽ വ്യാഖ്യാനങ്ങൾ ഉണ്ടായേക്കാം) എന്നിങ്ങനെ സന്ദർഭോചിതമായി സമാസിക്കുമ്പോൾ, കഥാകവിതകൾ എന്നത്, കഥയും കവിതയും എന്ന് വിവക്ഷിതമാകുന്നു. ഫലം, വാക്കുകളെ വിഭക്തികളില്ലാതെ കൂട്ടിച്ചേർക്കൽ തന്നെ! സന്ധിനിയമങ്ങൾ തരുന്ന പദസംയോഗകവലയിലെ വിളക്കൽപ്പാടുകൾ നാം എളുപ്പത്തിൽ തിരിച്ചറിയുന്നു. ഹൈഫൺ നമുക്ക് അപരിചിതമായ അടയാളമായിരുന്നെന്ന് ഓർക്കുക.

എങ്കിലും ശാസ്ത്രസാങ്കേതിക (ശാസ്ത്ര-സാങ്കേതിക) പദാവലികൾ സൃഷ്ടിക്കുമ്പോൾ, പുതിയ വാക്കുകൾ സർവ്വപരിചിതമാകുന്നതുവരെ (,) ഹൈഫണിന്റെ ഉപയോഗം ഇടത്താവളമാകുന്നു. ഉദാ: മാർസ്-വീനസ് ഗ്രഹങ്ങൾ (മാർസ്, വീനസ് എന്നീ ഗ്രഹങ്ങൾ [ചൊവ്വ-ശുക്രൻ]); ടെലിവിഷൻ-സിനിമ അവാർഡുകൾ, സംഗീത-നാടക അക്കാദമി; സംഗീതനാടകമല്ല).

[*മുകളിലെ വാചകത്തിൽ കോമ സംശയാസ്പദമായി പരന്തെസസിൽ ഉൾപ്പെടുത്തിയിരിക്കുന്നു; കാരണം, "വരെ" എന്നതിലെ അന്ത്യസ്വരമായ "എ"യ്ക്കും "ഉം", "ഓ" എന്നിവയെപ്പോലെ സ്വതേയുള്ള ഒരു വിരാമഭാവം ഉണ്ട്.*]

(ii) ഡേഷും, പരന്തെസിസും: സാങ്കേതികാർത്ഥത്തിൽ മൂന്നുതരം വലയങ്ങൾ കാണാറുണ്ട് - പരന്തെസിസ് (), ബ്രേക്കറ്റ് [], ബ്രേസസ് {} — നമ്മുടെ കണക്കു ക്ലാസ്സുകളിൽ ഇവയെല്ലാം ബ്രേക്കറ്റെന്ന പൊതുസംജ്ഞയിൽ അറിയപ്പെട്ടിരുന്നു. വാചകങ്ങൾക്കിടയിൽ ചില വസ്തുതകൾ പറയാൻ കോമയിട്ട് ക്ലോസ്സുകൾ സൃഷ്ടിക്കാറുണ്ട് — പ്രത്യേകിച്ചും ചിന്താധാരയെ മുറിക്കുന്ന സന്ദർഭങ്ങൾ പ്രത്യക്ഷപ്പെടുമ്പേൾ. എന്നാൽ, അത്തരം സംഗതികൾക്ക് കൂടുതൽ *ഊന്നൽ* നൽകാൻ ഡേഷുകൾ ഉപയോഗിക്കാം. കൂടാതെ, വാചകത്തിന്റെ പൂർവ്വഭാഗത്ത് പറഞ്ഞ വസ്തുതകളുടെ രത്നച്ചുരുക്കം ഉത്തരഭാഗത്ത് രേഖപ്പെടുത്താനും ഡേഷുകളിടാം. കോമയിട്ട് കാര്യങ്ങൾ വാചകങ്ങൾക്കിടയിൽ തിരുകുമ്പോൾ അർത്ഥശങ്ക ഉണ്ടായേക്കാവുന്ന സന്ദർഭങ്ങളിലും ഡേഷുകൾ കണ്ടുവരുന്നു.

പ്രധാനമായും രണ്ടുതരം ഡേഷുകൾ ഇംഗ്ലീഷിൽ ഉപയോഗത്തിലുണ്ട്: **endash** (–)ഉം, **emdash** (—)ഉം. ഇവയിലെ വലുപ്പമാറ്റം ശ്രദ്ധിക്കുക.

ഡേഷുകളുടെ ഉപയോഗം പാശ്ചാത്യസമ്പ്രദായമാണെങ്കിലും (,) ഇംഗ്ലീഷുമായുള്ള നിരന്തരസമ്പർക്കംമൂലം (,) ഇവ മലയാളത്തിലും പരിചിതമാണിപ്പോൾ.

[കോമയെക്കുറിച്ച് ഒരു ചെറുനിയമം ഉണ്ടാക്കട്ടെ: മുകളിലെ കോമകൾക്കു രണ്ടു ന്യായീകരണങ്ങൾ:
(1) മൂന്നോ അതിലധികമോ പദസമൂഹമുള്ള ക്ലോസാണെങ്കിൽ, ഉം, ഓ എന്നിവ ഉണ്ടങ്കിൽക്കൂടെയും, കോമയിട്ടാൽ വായനയ്ക്കു ഗുണകരമാകും.
(2) "ഇംഗ്ലീഷുമായുള്ള നിരന്തരസമ്പർക്കംമൂലം" എന്ന ഉപാംഗത്തിനുശേഷം (അഞ്ചു വരികൾ മുമ്പുള്ള വാചകം) കോമ വേണോയെന്നു നിശ്ചയിക്കാൻ, അതു വിട്ടുകളഞ്ഞ് വായിക്കുകിൽ പൂർണ്ണവാചകം ഉടലെടുക്കുമോയെന്നു നോക്കിയാൽ മതി. കാണുക: ഇവിടെ ഈ നിയമം സാധുവാകാം.]
പ്രധാന വിരാമചിഹ്നങ്ങളുടെ ശരിയായ പ്രയോഗം ഉദാഹരണങ്ങളിലൂടെ (ഇംഗ്ലീഷുവാചകങ്ങൾ കൊടുക്കുന്നില്ല.):

(a) മാങ്ങയാണോ അണ്ടിയാണോ മൂത്തത്, നമ്മെ എന്നും അലട്ടുന്ന ആ ചോദ്യം ഇന്നും പ്രസക്തമാണ്. (1. കോമയ്ക്കിടയിൽ ക്ലോസ്സ്, 2. *ചോദ്യം* കഴിഞ്ഞ് കോമ വേണ്ട — ആ ഉപാംഗം മാറ്റിനിറുത്തിയാൽ വാചകം പൂർണ്ണമാവില്ല.)

(b) മാങ്ങയാണോ അണ്ടിയാണോ മൂത്തത് (എല്ലാക്കാലത്തും തലനാരിഴ കീഴുന്നവർക്ക് താല്പര്യമുള്ളതാണല്ലോ ഈ സംവാദം!) എന്ന ചോദ്യം, കൂടുതൽ ചോദ്യങ്ങളിലേക്ക് നയിക്കുന്നു. (ഇവിടെ പരന്തെസെസിനുള്ളിലുള്ളത് കോമയിട്ടു തിരിക്കാൻ പറ്റില്ല.)

(c) മാങ്ങ-അണ്ടി പ്രശ്നത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ കാണുന്നതിത്: എളുപ്പം ഉത്തരം കിട്ടാത്ത കീറാമുട്ടി! (കോളന്റെ ഉപയോഗം)

(d) മാങ്ങയാണോ അണ്ടിയാണോ മൂത്തത് എന്ന ചോദ്യം – ഉത്തരത്തിനു വഴങ്ങാത്ത ആ പഴയ ചോദ്യം – ഇന്നും പ്രസക്തമാണ്. (ഇവിടെ endash – ഉപയോഗിച്ചിരിക്കുന്നു.)

(e) മാങ്ങയാണോ അണ്ടിയാണോ മൂത്തത് എന്ന ചോദ്യം ഇന്നും പ്രസക്തമാണ് — ഉത്തരത്തിനു വഴങ്ങാത്ത ആ പഴയ ചോദ്യം. (ഇവിടെ emdash — ഉപയോഗിച്ചിരിക്കുന്നു.)

(f) അദ്ദേഹം പറഞ്ഞു: എഴുത്തുകാരനു ഒറ്റപ്പെടാതെ ജോലി നിർവ്വഹിക്കാനാവില്ല (കരഘോഷം); തപസ്യയില്ലാതെ സർഗ്ഗക്രിയയിൽ ഏർപ്പെടാനാവില്ല (വീണ്ടും കരഘോഷം). (പത്രപ്രവർത്തകൻ *വലയം* ഉപയോഗിക്കുന്ന ഒരു സന്ദർഭം.)

(M) പലവക സന്ദർഭങ്ങൾ:

(i) അയാൾ എത്ര വിശാലഹൃദയനാണ്, അല്ലേ?

(ii) അതെ, മൂത്തവർ പറഞ്ഞതുമാത്രം നാം അനുസരിച്ചിരുന്നെങ്കിൽ, ലോകത്തിന്റെ സ്ഥിതി ഇന്നെന്തായേനെ!

(iii) വിശ്വസിച്ചോളു: ലോകത്തിൽ സ്ഥിരമായുള്ളത് അസ്ഥിരത മാത്രമാണ്.

(iv) ഇത്തരം ചെയ്തി – മറ്റുള്ളവരെ നശിപ്പിക്കാനുള്ള വാസന – പ്രോത്സാഹിപ്പിക്കരുത്.

(v) ദൈവമെ! ഞങ്ങളെ വിരാമചിഹ്നങ്ങളിൽനിന്നും രക്ഷിക്കേണമേ.

അല്പം സ്ഥിതിവിവരക്കണക്ക്

മലയാളത്തിൽ, ഇംഗ്ലീഷുമായി തട്ടിച്ചുനോക്കുമ്പോൾ, ചിഹ്നങ്ങൾ വിരളമായേ ഉപയോഗിക്കുന്നുള്ളൂയെന്ന് പറഞ്ഞല്ലൊ. പൂർണ്ണവിരാമം, ചോദ്യചിഹ്നം, ആശ്ചര്യചിഹ്നം തുടങ്ങിയവ ഒഴിച്ചുനിർത്തി, ഇരുഭാഷകളിലേയും ഗദ്യം പരിശോധിച്ചാൽ കാണുന്നതിതാണ്: ഓരോ നൂറുവാക്കിനും ശരാശരി പത്തുതവണ (10/100)വിരാമചിഹ്നങ്ങൾ ഇംഗ്ലീഷുഗദ്യത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ, മലയാളഗദ്യത്തിൽ അത് ശരാശരി രണ്ടു തവണ (2/100) മാത്രമേ കാണുന്നുള്ളു (എന്റെ നിരീക്ഷണം).

(തുടരും...)